# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17സാമ്പത്തിക വർഷം

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.17-1480/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

തീയതി-25.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.കെ.ഡി.17-1480/2017 തീയതി 25.09.2017.

<u>പാലക്കാട് ജില്ലയിലെ മുണ്ടൂർ .ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016 -17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20-10-2016 മുതൽ 2-7-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽ ദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3-7-2017മുതൽ 10-7-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിജു ആന്റെണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എം.എസ്. താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.കെ.കുട്ടികൃഷ്ണൻ | 1-4-2016മുതൽ<br>31-3-2017വരെ |
| സെക്രട്ടറി | ശ്രീ. ഇ.എ.അബ്ദുൾ റഹ്മാൻ | 1-4-2016മുതൽ<br>30-4-2016 വരെ |
| | ശ്രീ. ബാലകൃഷ്ണൻ | 1-5-2016മുതൽ<br>15-8-2016വരെ |
| | ശ്രീ. സജി തോമസ് | 16-8-2016മുതൽ<br>31-3-2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീമതി. ജയനിർമല | 1-4-2016മുതൽ<br>14-7-2016വരെ |
| | ശ്രീമതി. ഷിജി. | 15-7-2016മുതൽ<br>31-3-2017വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | ഡോ. അർച്ചന. എൻ. | 1-4-2016മുതൽ<br>31-3-2017വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. കേശവപ്രസാദ്.എൻ. | 1-4-2016മുതൽ<br>31-3-2017വരെ |
| വെറ്ററിനറി സർജൻ | ഡോ. ആർ. കതിരേശൻ | 1-4-2016മുതൽ<br>1-10-2016വരെ |
| | ഡോ. ഐ.എ.ഗോപാലകൃഷ്ണൻ | 2-10-2016മുതൽ<br>31-3-2017വരെ |
| അസി. സെക്രട്ടറി | ശ്രീ.ബാലകൃഷ്ണൻ പുളിക്കൽ | 1-4-2016മുതൽ<br>31-3-2017വരെ |
| കൃഷി ഓഫീസർ | ശ്രീ.നന്ദകുമാർ.എ. | 1-4-2016മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.പ്രീത.സി. | 1-4-2016മുതൽ<br>31-3-2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ | മണികണ്ഠൻ.എൻ. | 1-4-2016മുതൽ 31-3-2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു.എൻ. | 1-4-2016മുതൽ 31-3-2017വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. റ്റി.രാമകൃഷ്ണൻ | 1-4-2016മുതൽ 31-3-2017വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 1/11.3.2016 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 17-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14465472 |
| വരവ് | 60608766 |
| ആകെ | 75074238 |
| ചെലവ് | 50228830 |
| നീക്കിയിരിപ്പ് | 24845408 |

## 1-5 ഫണ്ട് വിനിയോഗം- 2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12156823 | 12156823 | 12156823 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8357736 | 8357736 | 8357736 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 454174 | 454174 | 454174 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2009619 | 2009619 | 2009619 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4101869 | 4101869 | 4101869 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3516312 | 3516312 | 3516312 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2349 | 1018420+ 32533173 | 33553942 | 1000607+ 32550986 | 20162 |
| ബി.ഫണ്ട് | 0 | 1076020 | 1076020 | 1076020 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 144 | 66725943 | 92 | 33699957 | 52 | 64 |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4132455 | 5284259 | 1151804 | 28 |
| നികുതിയേതര വരവുകൾ | 568978 | 690917 | 121939 | 21 |
| മറ്റുവരവുകൾ | 697285 | 1055137 | 357852 | 51 |
| ആകെ | 5398718 | 7030313 | 1631595 | 30 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ പറയും പ്രകാരം 30 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരു മാന | തീരുമാന മെടുത്ത തിൽ നിരസിച്ചവ | കാലതാമസ ത്തിന്റെ കാരണം |
|---|---|---|---|---|---|

| | | | മെട്ടുത്തവ | | |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 34 | 34 | 0 | ബാധകമല്ല |
| 2 | തൊഴിൽ രഹിത വേതനം | 09 | 09 | 0 | “ |
| 3 | വിധവാ പെൻഷൻ | 95 | 95 | 0 | “ |
| 4 | വികലാംഗ പെൻഷൻ | 36 | 36 | 0 | “ |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 07 | 07 | 0 | “ |
| 6 | വാർദ്ധക്യ കാല പെൻഷൻ | 513 | 513 | 0 | “ |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-07-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ11300 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-06-2017മുതൽ 16-06-2017വരെ | 1-05-2017മുതൽ 31-05-2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-5-06മുതൽ 7-6-2006വരെ | 1997-98മുതൽ 2005-06വരെ | 15-7-2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204- 10 വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 2016-17 വർഷത്തേക്കുള്ള ഡി&ഒ ലൈസൻസ് അനുവദിച്ച ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പഞ്ചായത്ത് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| വാർഡ് നം./ കെട്ടിട നം | സ്ഥാപനം |
|---|---|
| 9/85 | സിറ്റി സൂപ്പർമാർക്കറ്റ് |
| 8/298 | പെർഫെക്ട് ഇൻഡസ്ട്രീസ് |
| 8/299 | പെർഫെക്ട് പോളിമേഴ്സ് |
| 10/107,108 | EE PEE പ്ളൈ |
| 1/175 | പെട്രോൾപമ്പ് |
| 8/308,309 | ഫാസ്റ്റ് ഫ്യൂവൽസ് |
| 7/508 | മലബാർ ടിമ്പേഴ്സ് സോ മിൽ |
| 17/484 | ക്ളാസിക് എഞ്ചിനീയറിംഗ് |
| 8/490 | അസോസിയേറ്റഡ് ഗ്രാനൈറ്റ് വേൾഡ് |
| 5/430 | മോഴികുന്നം ക്ഷീരോത്പാദന സഹകരണസംഘം |
| 15/31 | പൂതന്നൂർ ക്ഷീരോത്പാദന സഹകരണസംഘം |
| 9/425 | മുണ്ടൂർ ക്ഷീരോത്പാദന സഹകരണസംഘം |
| 7/419 | ഹൈപവർ ഭാരത് ഗ്യാസ് ഏജൻസീസ്,മുണ്ടൂർ |
| 9/511 | ഹിമ ഐസ്ക്രീംസ് |
| 4/522 | ഏദൻ ഓജസ് ഹോളിസ്റ്റിക്&റിസർച്ച് സെന്റർ ഹോസ്പിറ്റൽ |
| 14/691 | മെഹന്തി ബ്യൂട്ടിപാർലർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5)മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 അനധികൃത കെട്ടിടനിർമ്മാണം നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ച് കെട്ടിട നികുതി ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്ന

സ്ഥാപനം (അൺഎയ്ഡഡ്) 3154.9 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി 24.2.2015 തിയതിയിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കുകയും പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ലഭിച്ചത് പ്രകാരം കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു.പിന്നീട് കെട്ടിടവിസ്തീർണ്ണം 6112.31 ചതുരശ്രമീറ്ററായി വർധിപ്പിക്കുന്നതിനു പുതുക്കിയ പ്ലാൻ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ചീഫ് ടൗൺ പ്ലാനറുടെ അനുമതിക്കായി പഞ്ചായത്തിൽ നിന്നും ചീഫ് ടൗൺ പ്ലാനർക്ക് കൈമാറിയിരിക്കുകയാണ്. നാളിത് വരെയും പഞ്ചായത്തിൽ നിന്നും അനുമതി നല്കിയിട്ടില്ലാത്ത പ്രസ്തുത കെട്ടിടം, പുതുക്കിയ പ്ലാൻ പ്രകാരമുള്ള 6112.31 ചതുരശ്രമീറ്ററിലും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി ഓഡിറ്റ് ടീം 10.7.017 തിയതിയിൽ നടത്തിയ സന്ദർശനത്തിൽ ബോധ്യപ്പെട്ടു. 2016 സപ്തംബർ മുതൽ പ്രസ്തുത കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിച്ചിട്ടുള്ളതായി ഓഡിറ്റ് ടീമിനെ കോളേജധികൃതർ അറിയിച്ചിട്ടുമുണ്ട്.

വിഷയത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചുവടെ ചേർക്കുന്ന ഗൗരവമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

1. നിയമവിരുദ്ധമായി നിർമ്മാണം നടന്നു കൊണ്ടിരുന്ന കെട്ടിടത്തിന്റെ നിർമ്മാണം നിർത്തിവെയ്ക്കാൻ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21 പ്രകാരം സെക്രട്ടറിക്ക് ഒരു ഉത്തരവു വഴി ആവശ്യപ്പെടാമായിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല.
2. അനുമതി നൽകാത്ത കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടെങ്കിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10 അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ മേൽ ചട്ടപ്രകാരം യു.എ നമ്പർ നൽകി വസ്തു നികുതി ചുമത്തുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം8) കെട്ടിട നിർമ്മാണം പൂർത്തിയാക്കി സ്ഥാപനം പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും അനുമതിയില്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് സ്ഥാപനമേധാവിക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും, മറുപടിയുടെ അടിസ്ഥാനത്തിൽ ചട്ടം 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 134 പ്രകാരം കെട്ടിടം

ക്രമവത്കരിക്കുന്നത് വരെയോ അതല്ലെങ്കിൽ ചട്ടം 138 പ്രകാരം പൊളിച്ച് കളയുകയോ ചെയ്യുന്നത് വരെയോ,2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം കെട്ടിടം പ്രവർത്തനം ആരംഭിച്ചതു മുതലുള്ള വസ്തു നികുതി (നിയമാനുസൃതമായിരുന്നുവെങ്കിൽ ചുമത്താവുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും) ഈടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ഭേദഗതി വകുപ്പ് 235 എഎ കൂടി കാണുക.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>സർവർ റൂം എയർ കണ്ടീഷനിംഗ്- വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്താതെ വാങ്ങൽ നടത്തിയത് സംബന്ധിച്ച്</u>

2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സർവർ റൂം എയർ കണ്ടീഷനിംഗ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം.14/2016-17

അടങ്കൽ :50000

ചെലവ്: 44000

സ്രോതസ്സ് : തനതു ഫണ്ട്-

ചെക്ക് നം 1032955 തിയതി 23/12/2016 തുക 44000

ടെണ്ടർ നോട്ടീസിൽ 1 ton split AC with5 star energy efficiency, ISI mark quality, inclusive of all fittings wiring charges and stabilizer എന്ന സ്പെസിഫിക്കേഷൻ ആണ് നിർദ്ദേശിച്ചിരുന്നത്. ഐ.ടി.വിഷൻ, പി.ആർ.ജി. എന്റർപ്രൈസസ് എന്നി സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ലഭ്യമായ ടെണ്ടറുകളിൽ 44850 രൂപ ക്വാട്ട് ചെയ്ത IT Vision Kollengode എന്ന സ്ഥാപനവുമായി

നെഗോഷ്യേറ്റ് ചെയ്തശേഷം 44000/- രൂപയ്ക്ക് voltas company യുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള എയർ കണ്ടീഷണർ വാങ്ങാൻ 14/06/2016 ന് കൂടിയ പ്രോക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എയർ കണ്ടീഷണർ വാങ്ങിയിട്ടുണ്ട്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.46-ൽ കരാറിൽ ഏർപ്പെടുന്നതിനുമുൻപ് ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമാണെന്ന് ഉറപ്പു വരുത്തണമെന്നും, സാധനത്തിന്റെ കമ്പോളവിലയുമായി ഒത്തുനോക്കി വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. DGS&D റേറ്റ് പ്രകാരം 5 സ്റ്റാർ റേറ്റിങ്ങുള്ള 1 ton/വോൾട്ടാസ് എയർ കണ്ടീഷനറുടെ വില 21660 രൂപയാണ്. 4kva യുടെ സ്റ്റെബിലൈസറിന് മാർക്കറ്റ് വില 2500 രൂപയാണ്. ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ 2500 രൂപ അനുവദിച്ചാൽ തന്നെ സ്റ്റെബിലൈസർ, ഇൻസ്റ്റലേഷൻ എന്നിവ ഉൾപ്പെടെ എയർ കണ്ടീഷനർ വാങ്ങുന്നതിന് 44000 രൂപ നൽകിയത് താരതമ്യേന കൂടിയ നിരക്കാണ്. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (എൻക്വയറി നം7 തിയതി 10-07-2017) ലഭിച്ച മറുപടിയിൽ പവർസ്വിച്ച് സ്ഥാപിച്ച് മെയിൻ സ്വിച്ച് മുതൽ എ.സി വരെ പ്രത്യേക വയറിംഗ് ചെയ്ത് ഇലക്ട്രിഫിക്കേഷൻ നടത്തിയതിനാലും എ.സിയുടെ ഔട്ടർ കമ്പാർട്ടുമെന്റ് സ്റ്റാൻഡേർഡ് അകലത്തിലും കൂടുതലായി സ്ഥാപിച്ചതിനാലുമാണ് അധിക ചെലവ് വരാനിടയായതെന്ന് അറിയിച്ചിട്ടുണ്ട്. വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്താതെ വാങ്ങൽ നടത്തിയതിനാലാണ് ഇൻസ്റ്റലേഷൻ ഇനത്തിൽ ഇത്ര അധികം തുക ചെലവഴിക്കാൻ ഇടവന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ പ്രോക്യുയർമെന്റ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കുഴൽക്കിണറുകളുടെ Yield Test സ്വകാര്യ ഏജൻസികളെക്കൊണ്ട് നിർവ്വഹിച്ചിരിക്കുന്നു. തുക തടസ്സത്തിൽ വെയ്ക്കുന്നു.

താഴെപ്പറയുന്ന കുടിവെള്ളപദ്ധതിയിൽ Yield Test സ്വകാര്യ ഏജൻസികളെക്കൊണ്ട് നടത്തിച്ചിരിക്കുന്നു.

| പദ്ധതിയുടെ പേര് | പടിഞ്ഞാറേ പുനത്തിൽ കുടിവെള്ളപദ്ധതി | വീട്ടിക്കൽ പറമ്പ് കുടിവെള്ളപദ്ധതി |
|---|---|---|
| അടങ്കൽ തുക, ഫണ്ടിനം | 250000രൂ. പ്ലാൻ ഫണ്ട് (എസ്.സി.പി) | 295000രൂ. ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | |
|---|---|---|
| ബിൽ നം., തീയ്യതി, തുക, | 3/2016-17/19-10-16, 205694രൂ. | 33/2016-17/31-3-2017, 282017രൂ. |
| യീൽഡ് ടെസ്റ്റിനായി നൽകിയിട്ടുള്ള തുക | 6500 രൂ. | 7500രൂ. |
| യീൽഡ് ടെസ്റ്റിനായി നൽകിയിട്ടുള്ള തുക നൽകപ്പെട്ട സ്ഥാപനം | മലബാർ ബോർവെൽസ് | ഇലക്ട്രോലൈറ്റ് ഇലക്ട്രിക്കൽസ് |
| കരാറുകാരൻ | പി. രാജേഷ് | ആർ. രാജേഷ് |

ഭൂഗർഭ ജല വകുപ്പ് ടി ഇനത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് 6500/-രൂപയാണ്. വീട്ടിക്കൽ പറമ്പ് കുടിവെള്ളപദ്ധതിയിൽ ടി ഇനത്തിന് 7500രൂ. നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/10-7-2017 ന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ 1000/രൂ. കരാറുകാരനിൽ നിന്നും രസീതി നം.117390100991/10.07.17 പ്രകാരം ഈടാക്കി അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾക്കുവേണ്ടി കുഴൽക്കിണറുകൾ കുഴിക്കുമ്പോൾ ആയവയുള്ള യീൽഡ് ടെസ്റ്റ് നടത്തേണ്ടത് സർക്കാർ ഏജൻസിയായ ഭൂഗർഭ ജല വകുപ്പ് ആണ്. ടി പ്രവൃത്തി സ്വകാര്യ ഏജൻസിയെക്കൊണ്ട് നിർവ്വഹിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ ഇനത്തിൽ മേൽ സൂചിപ്പിച്ച രസീതി പ്രകാരം തിരിച്ച് പിടിച്ച തുക 1000രൂ. ഒഴികെയുള്ള ചെലവ് തുക 13000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃസമിതിക്ക് കൈമാറണം

പഞ്ചായത്ത് പരിധിയിൽ നിലവിൽ ഗുണഭോക്തൃ സമിതിക്ക് കൈമാറാതെ ചുങ്കം കുടിവെള്ള പ്രോജക്ട് എന്ന ഒരു പദ്ധതി പ്രവർത്തിച്ചുവരുന്നു. ആയത് പരിപാലിക്കാൻ 28067 രൂപ തൻവർഷം കറന്റ് ചാർജ്ജ് ഇനത്തിലും, പമ്പ് ഓപ്പറേറ്ററുടെ വേതനം ഇനത്തിൽ പ്രതിമാസം 6200/-രൂപ തോതിലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതി ഗുണഭോക്തൃ സമിതിക്ക് നാളിതുവരെയായും കൈമാറിയിട്ടില്ല. ജി.ഒ(.എം.എസ്.) 4/2016 തസ്വഭവ 11.01.2016 പദ്ധതി മാർഗ്ഗ രേഖയിൽ കുടിവെള്ള പദ്ധതികൾ നിർവഹണം പൂർത്തിയായാൽ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതും, തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള

അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം

പഞ്ചായത്ത് 2016-17 കാലയളവിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ആകെ774092 രൂപ KSEB യിലേക്ക് അടച്ചിട്ടുണ്ട്. പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന തെരുവു വിളക്ക രജിസ്റ്റർ പ്രാകാരം 18 വാർഡുകളിലായി 1650 ലാമ്പുകളാണുള്ളത്. KSEB ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടൂരിന്റെ കീഴിലുള്ള 822 തെരുവു വിളക്കുകൾക്ക് 01-01-2017 മുതൽ മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇനി 828 തെരുവ് വിളക്കുകൾക്കു കൂടി മീറ്റർ ഘടിപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വിളക്കിന്റെ തരം | വാട്ടേജ് | എണ്ണം | | | നിരക്ക് | മീറ്റർഘടിപ്പിക്കാത്തവയ്ക്ക് ആകെ കരം |
|---|---|---|---|---|---|---|---|
| | | | ആകെ | മീറ്റർ ഘടിപ്പിച്ചവ | മീറ്റർ ഘടിപ്പിക്കാത്തവ | | |
| 1 | സോഡിയം വേപ്പർ ലാമ്പ് | 250 w | 113 | 85 | 28 | 414 | 11592 |
| 2 | സി.എഫ്.എൽ | 22 w | 1386 | 630 | 756 | 14 | 10584 |
| 3 | സി.എഫ്.എൽ | 44 w | 113 | 73 | 40 | 28 | 1120 |
| 4 | സി.എഫ്.എൽ | 18 w | 12 | 09 | 3 | 12 | 36 |
| 5 | ഡബ്ൾ ട്യൂബ് | 80 w | 26 | 25 | 1 | 124 | 124 |
| | | | 1650 | 822 | 828 | | 23456 |

മീറ്ററിംങ് സംവിധാനം ഏർപ്പെടുത്താത്ത വിളക്കുകൾക്കുള്ള വൈദ്യുതിചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി കെ.എസ്.ഇ.ബി നിരക്ക് പ്രകാരം നിശ്ചയിച്ച് നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്.

തെരുവ് വിളക്കുകൾക്ക് മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തുന്നതിനു മുമ്പ് പഞ്ചായത്ത് പ്രതിമാസം 72718 രൂപയാണ് വൈദ്യുതികരം ഇനത്തിൻ അടവാക്കി വന്നിട്ടുള്ളത്. മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തിയതിനെ തുടർന്ന് വൈദ്യുതികരം പ്രതിമാസം 65493 (23456+42037) രൂപയായി കുറയുകയുണ്ടായി. പഞ്ചായത്തിന് ഈ ഇനത്തിലുള്ള വരുമാനനഷ്ടം ഒഴിവാക്കാൻ ബാക്കിയുള്ള 28 സോഡിയം വേപ്പർ ലാമ്പുകൾ ഉൾപ്പെടെ 828 വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി ഇതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 ശുചിത്വ കക്കൂസ് നിർമ്മാണം പദ്ധതിക്ക് വേണ്ടി പ്ലാൻ ഫണ്ട് തുക ചെലവഴിച്ചതിൽ 480000/-രൂപ ക്രമീകരിച്ചിട്ടില്ല.

പദ്ധതി നം.1/17

അടങ്കൽ-2002000

ചെലവ്-2002000

ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016-ലെ 580/15 നം. ഉത്തരവിൽ തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനിയി 15400/-രൂപ വീതം (കേന്ദ്ര വിഹിതം - 12000+ പഞ്ചായത്ത് വിഹിതം - 3400) സബ്സിഡി അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര വിഹിതം ശുചിത്വ മിഷൻ മുഖേന ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു. എന്നാൽ കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016-ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതിയായ ശുചിത്വ കക്കൂസ് നിർമ്മാണത്തിന് വേണ്ടി 2002000/- രൂപ പ്ലാൻ ഫണ്ട് വകയിരുത്തുകയും ചെലവാക്കുകയും ചെയ്തു. എന്നാൽ 1440000/- രൂപ മാത്രമാണ് ശുചിത്വ മിഷണിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളത്. ബാക്കി തുക 480000/- നാളിതു വരെയായിട്ടും തിരികെ ലഭിച്ചിട്ടില്ല. ടി തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/07.07.2017) ടി തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.

## 3-6 ആശ്രയ പദ്ധതികൾ നടപ്പാക്കിയിട്ടില്ല

പഞ്ചായത്തിൽ 2016-17 വർഷത്തിൽ ആശ്രയ ഗുണഭോക്താകൾക്ക് വേണ്ടി 4 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയവ നടപ്പിൽ വരുത്തിയിട്ടില്ല.ആകെ ആശ്രയ ഗുണഭോക്താക്കളുടെ എണ്ണം-84

1. പ്രൊജകറ്റ് നം-s-5/17

ബിൽ നം-46/16-17 dt 7/3/2017-തുക-95257/-

2. പ്രൊജകറ്റ് നം-s-9/17

ബിൽ നം-46/16-17,dt 31/3/2017-തുക100000/-

3. പ്രൊജകറ്റ് നം-s-104/17

ബിൽ നം-49/16-17,dt 31/3/2017-തുക150000/-

4. പ്രൊജകറ്റ് നം-s-118/17

ബിൽ നം-48/16-17,dt 31/3/2017-തുക250000/-

മേൽ ബില്ലുകൾ പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തുക പിൻവലിച്ചിട്ടുണ്ട്.

ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനം മുൻനിർത്തികൊണ്ടുള്ള യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. പ്രതേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ട തികച്ചും നിർദ്ധനരായ ആശ്രയ ഗുണഭോക്താക്കളുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതരത്തിലുള്ളതും അവരുടെ ഭൗതിക സാഹചര്യം ഉയർത്തി കൊണ്ടുവരുന്നതുമായ പദ്ധതി പ്രവർത്തനം 2016-17വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. (GO.MS)362/2013 തസ്വഭവ 16.11.13 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആശ്വാസം നൽകൽ, ആരോഗ്യ സുരക്ഷ, കുടിവെള്ളം, പാർപ്പിടം പട്ടികജാതി -പട്ടികവർഗ്ഗക്കാരുടെ ക്ഷേമം, ശുചിത്വ കക്കൂസ് തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മേൽ തുകകൾ പിൻവലിച്ച് ട്രഷറിയിലുള്ള സ്പെഷൽ tsb അക്കൗണ്ടിൽ നിക്ഷേപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഉടൻ തന്നെ മേൽ തുകകൾ ആശ്രയ അക്കൗണ്ടിലേക്ക് കൈമാറുകയും പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുമാണ്.

## 3-7 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2016-17 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽനിന്നും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, പാലക്കാട് നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം/പേര് | തുക | കൈമാറിയ വിവരം |
|---|---|---|
| 19/17 പി എം എ വൈ | ബിൽ നം-37/17-8-3-17 | ബി ഡി ഒ പാലക്കാട് |

| | | |
|---|---|---|
| | 40000/- | |
| 20/17 പി എം എ വൈ (scp) | ബിൽ നം-38/17-4-3-17<br>300000/- | ബി ഡി ഒ പാലക്കാട് |
| 155/17 ഐ എ വൈ | ബിൽ നം-36/17-8-3-17<br>1075000/- | ബി ഡി ഒ പാലക്കാട് |

വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഇനങ്ങൾക്ക് കൂടിയ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിച്ചിരിക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

തൻവർഷം ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 115/17 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം |
| ബിൽ നം., തുക | 3/2016-17,31-3-2017, 459678രു.(പ്ലാൻ ഫണ്ട്- എസ്.സി.പി.) |
| ഫർണിച്ചറുകൾ വിതരണം ചെയ്ത സ്ഥാപനം | സ്രാമ്പിക്കൽ വുഡ്സ് ആന്റ് ഫർണിച്ചേഴ്സ് , കുത്തന്നൂർ |

മേല്പറഞ്ഞ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)എസ്.സി. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നീ ഫർണിച്ചറുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങളാണ് ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത്.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | മേശക്ക് സൂചിപ്പ നിരക്ക് | കസേരയ്ക്ക് സൂചിപ്പിച്ച നിരക്ക് |
|---|---|---|
| സ്രാമ്പിക്കൽ വുഡ്സ് ആന്റ് ഫർണിച്ചേഴ്സ് , കുത്തന്നൂർ | 2500 | 1500 |
| രാജധാനി ഏജൻസീസ് , ചെർപ്പുളശ്ശേരി | 2940 | 1248 |
| എസ്.ആർ.ടി. ഫർണിച്ചേഴ്സ്, ഒലവക്കോട് | രേഖപ്പെടുത്തിയിട്ടില്ല. | രേഖപ്പെടുത്തിയിട്ടില്ല. |

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. കൂടാതെ ഖ.7-33 (vi -C)പ്രകാരം ടെണ്ടറിൽ എല്ലാ ഇനങ്ങൾക്കുമായോ ,

ഭാഗികമായോ നിരക്ക് രേഖപ്പെടുത്താൻ അനുവദിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നു. ആയതിൽ നിന്നും ഓരോ ഇനത്തിലും ഏറ്റവും കുറവ് രേഖപ്പെടുത്തിയവരെ സെലക്ട് ചെയ്യണം എന്ന് വ്യക്തമാണ്. ലഭിച്ച ടെണ്ടറുകളിൽ, മേശയ്ക്ക് രേഖപ്പെടുത്തിയ നിരക്കുകളിൽ കുറഞ്ഞ നിരക്ക് (2500രൂ)രേഖപ്പെടുത്തിയ സ്രാമ്പിക്കൽ വുഡ്സ് ആന്റ് ഫർണിച്ചേഴ്സ് , കുത്തന്നൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമാണ്. എന്നാൽ കസേരയ്ക്ക് സൂചിപ്പിച്ച നിരക്കുകളിൽ കുറഞ്ഞ നിരക്ക്(1248രൂ.) രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ് , ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന് പകരം കൂടിയ നിരക്ക് (1500രൂ.) രേഖപ്പെടുത്തിയ സ്രാമ്പിക്കൽ വുഡ്സ് ആന്റ് ഫർണിച്ചേഴ്സ് , കുത്തന്നൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഒരു കസേരയ്ക്ക് 252രൂ. വീതം ആകെ 115കസേരകൾക്ക് 28980രൂ. അധികം തുക ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/7-7-17ന് നൽകിയ മറുപടിയിൽ ഫർണിച്ചർ എന്നത് ഒറ്റ യൂണിറ്റായി കണക്കാക്കി വാങ്ങൽ നടത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ ഫർണിച്ചറുകൾ ആഞ്ഞിലി മരം കൊണ്ട് ഉള്ളതാണ് എന്നും രേഖപ്പെടുത്തി കാണുന്നു.(എന്നാൽ ഇതു സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥരോ മറ്റ് ക്ഷമതയുള്ള അധികാരികളോ പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.) മേൽ മറുപടികൾ തൃപ്തികരമല്ല. ആയതിനാൽ അധികം ചെലവഴിച്ച് 28980രൂ. നിരാകരിക്കുന്നു.

2)ആകെ 115 കുട്ടികൾക്കാണ് ഫർണിച്ചറുകൾ നൽകിയിട്ടുള്ളത്. എന്നാൽ കുട്ടികളുടെ ലിസ്റ്റ് (ഗുണഭോക്തൃ ലിസ്റ്റ്) പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/7-7-17ന് നൽകിയ മറുപടിയിൽ ടി ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതി നൽകിയിരുന്നു എന്നും ആയത് പ്രകാരം നിർവ്വഹണം നടത്തി എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽസാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റ് അധികൃതമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം

പൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയിലെ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സ്വന്തമായി സ്ഥലമില്ലാത്തതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം/സ്ഥലം വാങ്ങുന്നതിനും. കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വിനിയോഗിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/09/2010ലെ 39033/ഡി.സി2/2010 സർക്കുലർ നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്ത് മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ലായെന്ന് അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കണക്കുകൾ വ്യക്തമാക്കുന്നു. കേന്ദ്രവിഹിതമായി ബാലൻസ് തുക 10.07.2017 ന് 690904 രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്.

| | |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 39 |
| സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടിക്കളുടെ എണ്ണം | 13 |
| കുടിവെള്ളം ഇല്ലാത്ത അംഗനവാടിക്കളുടെ എണ്ണം | 30 |
| ചുറ്റുമതിൽ ഇല്ലാത്ത അംഗനവാടിക്കളുടെ എണ്ണം | 16 |
| വൈദ്യുതി ഇല്ലാത്ത അംഗനവാടിക്കളുടെ എണ്ണം | 13 |
| സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടിക്കളുടെ എണ്ണം | 10 |

അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്രിയാത്മകമായ സമീപനം വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. അങ്കണവാടികളുടെ നടത്തിപ്പ് സംബന്ധിച്ച് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെയും കാലാകാലമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 6/17

അടങ്കൽ-577616/- (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഭവന നിർമ്മാണ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് ഭാഗികമായി ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾ നാളിതുവരെ വീടുപണി പൂർത്തീകരിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്/വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | ശ്രീമതി.പുഷ്പ, പൂതനൂർ | 180000 | 20000 |
| 2 | ശ്രീമതി സുമ, മുതുകാട്, മുണ്ടൂർ | 180000 | 20000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- അവലോകനം

പ്രൊജക്റ്റ് നം. 23/17-സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ – 700000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് – 539997/-രൂ

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. പഞ്ചായത്തിൽ 2010 ഡിസംബറിൽ പാലിയേറ്റീവ് സംവിധാനം തുടക്കം കുറിച്ചു. ആയതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 700000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 539997/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ, കമ്മ്യൂണിറ്റി നേഴ്സ് എന്നിവരുടെ കൂട്ടായ്മയിൽ നല്ല രീതിയിൽ നടത്തിവരുന്നു.

പ്രത്യേകമായി അലോപ്പതി /ആയുർവേദ ഡോക്ട്ടർമാരുടെ ഹോ കെയർ സന്ദർശനം നടത്തിവരുന്നുണ്ട്. രോഗികൾക്ക് ആവശ്യമായ മരുന്ന്, വാട്ടർ ബെഡ്, വീൽ ചെയർ, എയർ ബെഡ് ,വാക്കർ, ട്രൈപ്പോട് വാക്കിങ്ങ് സ്റ്റിക്ക് എന്നിവ നൽകുന്നുണ്ട്. എല്ലാ ബുധനാഴ്ച്ചകളിൽ പാലിയേറ്റീവ് രോഗികൾക്ക് പ്രത്യേകമായി ഒ.പി നടത്തിവരുന്നുണ്ട്. ഒന്നിടവിട്ട മാസങ്ങളിൽ മാനസിക രോഗിക്കൾക്ക് പ്രത്യേകമായി ഒ.പി നടത്തിവരുന്നുണ്ട്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിലവിൽ ആകെ 350 ഗുണഭോക്താക്കൾ പദ്ധതിയുടെ കീഴിലുണ്ട്. ഇവരിൽ 77 പേർ കിടപ്പുരോഗികളാണ്. ഇവർക്ക് പ്രത്യേകമായി നേഴ്സിംങ്ങ് കെയർ നൽകി വരുന്നുണ്ട്. കിടപ്പുരോഗികളായ 25 പേർക്ക് ആയുർവേദ ഹോം കെയർ നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് കൂടാതെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള സഹായം കൂടി പ്രയോജനപ്പെടുത്തി നല്ല രീതിയിൽ പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തനം നടത്തിവരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മറ്റ് പ്രവർത്തനങ്ങൾ

പാലിയേറ്റീവ് കുടുംബസംഗമം, 33 കുട്ടികൾക്ക് സംഭാവന മുഖേന പഠനോപകരണങ്ങൾ വിതരണവും 77 കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്ക് മാനസികോല്ലാസം ലഭിക്കുന്നതിന് ഉല്ലാസ യാത്ര നടത്തിയിട്ടുണ്ട്. മറ്റ് സാംസ്കാരിക കലാ പരിപാടികൾ. സായഹ്ന കൂട്ടായ്മ, എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പാലിയേറ്റീവ് ദിനാചരണം 15/1/2017 ന് നടത്തിയിട്ടുണ്ട്. സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം എല്ലാ വർഷവും കൊടുക്കുന്നുണ്ട്. സമൂഹത്തിലെ വിവിധ സംഘടനകളിൽ നിന്ന് സഹായം സ്വീകരിച്ച് രോഗികൾക്ക് വാട്ടർബെഡ്, വീൽ ചെയർ, ഊന്നുവടി എന്നിവ വിതരണം നടത്തിയിട്ടുണ്ട്.

ഭരണപരമായ വിവരങ്ങൾ

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ട്. ആയതിന്റെ മിനുട്ട്സ് സൂക്ഷിക്കുന്നുണ്ട്. എല്ലാ മാസവും റിവ്യൂ മീറ്റിങ്ങ് നടത്തി ആയതിന്റെ മിനുട്ട്സ് സൂക്ഷിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഇനിയും മെച്ചപ്പെട്ട സേവനങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുത്തി കൂടുതൽ ആളുകളിലേക്ക് സേവനം

എത്തിക്കേണ്ടതാണ്. അതോടൊപ്പം ശയ്യാവലംബരായ ഇതര സംസ്ഥാന തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുവാനുള്ള ശ്രമങ്ങളും ഉണ്ടാവേണ്ടതാണ്.

## 3-12 എം.ജി.എൻ.ആർ.ഇ.ജി.എസ്-പദ്ധതി പ്രകാരം 75 കിണറുകൾ നിർമ്മിച്ച് നൽകിയത് അഭിനന്ദനാർഹം

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച മാസ്റ്റർ സർക്കുലറിലെ പാര 4-2 -ബി- പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ പദ്ധതി പ്രകാരം നിർമ്മിച്ച് നൽകാവുന്നതാണ്. കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ തൻവർഷം 175 പുതിയ കിണർ നിർമ്മിച്ചതിൽ മുഴുവൻ കിണറുകളിലും വെള്ളം കണ്ടെത്തി. കുളം പുനരുദ്ധാരണ പ്രവർത്തികൾ 23 എണ്ണത്തിലും, പുതിയ കുളം നിർമ്മാണം 22 എണ്ണവും നടത്തിയിട്ടുണ്ട്.

## 3-13 എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനകുടിശ്ശിക 14380080/-രൂപ

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിൽ കൂലിയിനത്തിൽ ആകെ 14380080/-രൂപ തൊഴിലാളികൾക്ക് വേതനമായി നൽകുവാൻ കുടിശ്ശികയുണ്ട്. വേതന കുടിശ്ശിക സർക്കാരിൽ നിന്നും ലഭ്യമായാലുടൻ വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതിനോടൊപ്പം ഈടു നിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കൽ, ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം.

2016-17 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വിശദാംശം | 2016-17വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4374 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4374 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1691 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 290955000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 528 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 266 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 0 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ്ഉൾപ്പെടെ) | 33553942 |
| 9 | തൻവർഷത്തെ ചെലവ് | 33551593 |
| 10 | തൊഴിൽ ആവശ്യപ്പെട്ടകുടുംബങ്ങളുടെ എണ്ണം | 2782 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 9 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 9 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളിൽചെലവഴിച്ച തുക | ഇല്ല |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ഇല്ല |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | ചെറു കുളം,കിണർ |

<u>നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2016-17 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 85 | 3840000 |

| | | | |
|---|---|---|---|
| 2 | വരൾച്ച തടയൽ, വനവത്കരണം | 45 | 2744000 |
| 3 | ചെറുകിട ജലസേചനം | 64 | 2875000 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 87 | 2450000 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 27 | 2970000 |
| 6 | ഭൂവികസനം | 125 | 10571186 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല | - |
| 8 | വില്ലേജ് റോഡ് | 5 | 625000 |
| 9 | മറ്റ് ചെലവുകൾ(IAY, Well) | 75<br>15 | 6375000<br>100800 |
| | ആകെ | 528 | 32550986 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | ലഭിച്ച തുക | പദ്ധതി നം., പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 381000 | നെൽ കൃഷി | 381000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 381000 | നെൽ കൃഷി | 381000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പാലിന് സബ്സിഡി | 300000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 3050000 | ഗ്യാസ് ക്രിമറ്റോറിയം | - | 3050000 |
| ബ്ലോക്ക് പഞ്ചായത്ത് | 360000 | ടോയ്ലറ്റ് ഫോർ ഷോപ്പിങ്ങ് കോംപ്ലക്സ് | 360000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | വികലാംഗർക്ക് ഉപകരണം | - | 500000 |

| | | | | |
|---|---|---|---|---|
| ശുചിത്വ മിഷൻ | 364500 | പൈപ്പ് കമ്പോസ്റ്റ് | 364500 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. /ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ | 18/25-3-17,<br>14/30-12-16 | 347100<br>1156100 | 347100<br>1156100 | പൂർത്തീകരിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഒന്നുമില്ല.

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീതി നം., തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 3(4) | 660 /- | കെ.എം. മറിയാമ്മ, മുൻ സെക്രട്ടറി | 11603100651/7-5-2016 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60608766 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50228830 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-8 | - | 28980 | റ്റി. രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 13000 | ഷിജി, അസി. എഞ്ചിനീയർ |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ -

ഒന്നുമില്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിജി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മുണ്ടൂർ ഗ്രാമപഞ്ചായത്ത് | ഹൗസ് നം. 74, മിഥുൻ നിവാസ്, |

| | | |
|---|---|---|
| | | കഞ്ചിക്കോട് പി.ഓ, പാലക്കാട് |
| റ്റി.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എൽ.പി. സ്കൂൾ,മുണ്ടൂർ | ദർശന, പുഞ്ചപ്പാടം പി.ഓ. കടമ്പഴിപ്പുറം , പാലക്കാട് |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.പി17/225/10, 28.10.10 | ഫർദർ റിമാർക്സ് |
| 1999-00 | എൽ.എഫ്.പി17/225/10, 28.10.10 | ഫർദർ റിമാർക്സ് |
| 2000-01 | എൽ.എഫ്.പി17/225/10, 28.10.10 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി12/840/06, 08.05.08 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി12/363/06/5, 28.07.08 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി.12-1173/08, 03.11.08 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി17/1023/12, 09.07.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി17/259/10, 22.02.11 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി17/43/11(3), 15.12.11 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി17/43/11(4), 15.12.11 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി17/2127/11, 16.01.12 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി17/2127/11, 16.01.12 | ഫർദർ റിമാർക്സ് |
| 2010-11 | എൽ.എഫ്.പി17/1419/13, 10.01.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ.എഫ്.പി17/1016/14, 30.07.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 to 2014-15 | നം. കെ.എസ്.എ. പി.കെ.ഡി.17/ 411/16, തീയ്യതി.3-5-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം. കെ.എസ്.എ. പി.കെ.ഡി. 2134/16, തീയ്യതി.30-12-2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.പി.കെ.ഡി 17-1480/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

തിയതി : 25.09.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻന്റേഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ ,പൂർത്തീകരിച്ചിട്ടില്ല.

4. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

No.KSA-PKD17-1480/2017

Kerala State Audit Department,
District Audit Office, Palakkad.
Dated 25.09.2017.

Audit Certificate

Certified that I have audited the Annual Financial Statement of Mundur Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mundur Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflect actual

value of assets.

2.Deposit register incomplete

3.Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

Deputy Director.